# കഥാകൃത്ത് മനം തുറക്കുമ്പോൾ

**ഡോ. നന്ദകുമാർ ചാണയിൽ**

(വിചാരവേദി - നിരൂപണ പരമ്പര 46)

ജീവിത പ്രയാണത്തിനിടയിൽ നേർക്കുനേർ കണ്ടറിഞ്ഞ സംഭവങ്ങളേയും കഥാപാത്രങ്ങളേയും മനോമുകുളത്തിൽ സൂക്ഷിച്ചുവെച്ച് പാകപ്പെടുത്തി, ഉൾവിളി ഉണ്ടായതിനുശേഷമേ ശ്രീ. ബാബു പാറയ്ക്കൽ കഥാരൂപത്തിൽ വെളിച്ചം കാണാൻ അനുവദിച്ചുള്ളു എന്നതിനാൽ പുസ്തകത്തിന്റെ ശീർഷകം അർത്ഥവത്തായി. ഈ പുസ്തകത്തിലെ 18 കഥകളും വായിച്ചു കഴിഞ്ഞപ്പോൾ മനസ്സിലായത്, ഈ കഥകൾ കേവലം കെട്ടുകഥകളോ കാല്പനികസൃഷ്ടികളോ അല്ലെന്നാണ്. കാരണം, ഈ ഗ്രന്ഥത്തിലുടനീളം ജീവിതാനുഭവങ്ങളിൽനിന്നും കണ്ടറിഞ്ഞതും കേട്ടറിഞ്ഞതുമായ യാഥാർത്ഥ്യങ്ങളുടെ സ്ഫുരണങ്ങൾ പ്രതിഫലിക്കുന്നതായി വായനക്കാരന് അനുഭവപ്പെടും.

കഥാകൃത്തിന്റെ "സമർപ്പണ" ധിഷണതയ്ക്കനുയോജ്യമായിട്ടുള്ള കഥകൾ തന്നെയാണ് "മടക്കയാത്ര", "വഴിയമ്പലം", "ഈ സാരി അമ്മയ്ക്കിരിക്കട്ടെ", "വാതിൽപ്പടിയിലെ കാക്ക" എന്നിവ. ഇതു പറയാൻ കാരണം ഗ്രന്ഥകർത്താവിന്റെ സമർപ്പണ സവിശേഷതയാണ്. ഉദ്ധരിക്കട്ടെ: "മക്കൾക്കുവേണ്ടി ജീവിതം ഹോമിച്ചു ജീവിതസായാഹ്നത്തിൽ ദുഃഖഭാരത്തിൽ നിരാലംബരായി കഴിയാൻ വിധിക്കപ്പെടുന്ന പ്രവാസികളുടെ ജന്മനാട്ടിലുള്ള എല്ലാ മാതാപിതാക്കൾക്കും". കഥകൾ വായിച്ചിരിക്കാനിടയില്ലാത്ത വായനക്കാർക്ക് വായിക്കാനുള്ള ജിജ്ഞാസ ഉളവാക്കുന്നതിനായി മിക്ക കഥകളുടേയും സംക്ഷിപ്ത രൂപം ഈ നിരൂപണത്തിലുണ്ട്. അണുകുടുംബ വ്യവസ്ഥയുടെ ആവിർഭാവത്തോടെ ത്യാഗങ്ങൾ സഹിച്ച്, ക്ലേശിച്ച് വളർത്തി വലുതാക്കിയ മക്കൾ, പറക്കമുറ്റിയ പക്ഷിക്കുഞ്ഞുങ്ങൾ കൂടുവിട്ടു പറന്നകന്നു പോകുന്നതുപോലെ, തനിക്കു താൻ പോരുമ്പോൾ മാതാപിതാക്കൾ അധികപ്പറ്റായി അവശേഷിക്കുന്ന ദയനീയാവസ്ഥ, ഉള്ളിൽ തട്ടും വിധം ചിത്രീകരിക്കുന്നതിൽ ശ്രീ. ബാബു പാറയ്ക്കൽ വിജയിച്ചിട്ടുണ്ട് എന്ന് വായനക്കാർക്ക് അനുഭവപ്പെടും. "മടക്കയാത്ര"യിലെ ജോബി മടക്കയാത്രക്കൊരുങ്ങുമ്പോൾ ഏകാകിയായ മാതാവിനെ വൃദ്ധസദനത്തിലാക്കി തടിതപ്പാൻ ഉദ്ദേശിച്ചിരുന്നെങ്കിലും തന്റെ സുഹൃത്തായ ഡോ. ഷാജി തങ്ങളുടെ പതിവ് 'മിനുങ്ങൽ' പരിപാടി തുടങ്ങുന്നതിനു മുമ്പായി ജോബിയെ 'ഹൗസ് ഓഫ് പ്രോവിഡൻസ് - ഓർഫനേജ് ആന്റ് ഓൾഡ് ഏജ് ഹോം' എന്ന സ്ഥാപനത്തിലേക്ക് ഒരു സന്ദർശനത്തിന് കൊണ്ടുപോയതുകൊണ്ട് ഒരു മാനസാന്തരമുണ്ടായി; അശോകചക്രവർത്തിക്കുണ്ടായ മാനസാന്തരം പോലെ.

ഈ കഥയുടെ അന്ത്യഭാഗം കഥാബിംബോദ്യോതകങ്ങളായ വർണ്ണനാചാതുര്യത്തിലൂടെ കഥാകൃത്ത് തന്റെ രചനാതന്ത്ര നിപുണത വെളിപ്പെടുത്തുന്നു. താഴെ പറയുന്ന പ്രസക്ത വരികൾ കൂട്ടിവായിക്കുമ്പോഴതു ബോധ്യപ്പെടും. 'വിമാനം ഉയർന്നുപൊങ്ങിയപ്പോൾ താഴെ പൂർണ്ണമായ അന്ധകാരമായിരുന്നു അങ്ങിങ്ങു മിന്നിത്തെളിയുന്ന ഏതാനും ലൈറ്റുകൾ മാത്രം. ആകാശത്തിൽ നക്ഷത്രങ്ങൾ തെളിയുന്നുണ്ടായിരിക്കാം. പക്ഷേ, കാണാൻ കഴിയുന്നില്ല. ആ അമ്മ വിമാനത്തിന്റെ ജനാലയിൽകൂടി വെളിയിലേക്കു നോക്കിക്കൊണ്ടിരുന്നു. ഇപ്പോൾ മിന്നിത്തെളിയുന്ന ലൈറ്റുകളും കാണുന്നില്ല. വിമാനത്തിന്റെ ഇരമ്പൽ അവരുടെ കാതുകളിൽ പ്രതിദ്ധ്വനിച്ചില്ല. ശൂന്യമായ അന്ധകാരത്തിന്റെ നിഗൂഢതകളിൽ നിശ്വാസത്തിന്റെ അലയൊലികൾ ഉത്തരം കിട്ടാതെ അലഞ്ഞു. ഇനിയൊരു മടക്കയാത്ര ഉണ്ടാകുമോ?' ഭാവിയുടെ ഭീതിയിൽ സ്ഥലകാലഭ്രമത്താലുണ്ടായ ഇതികർത്തവ്യതാമൂഢത; ഹൃദയസ്പൃക്കാകാനുതകുന്ന വിവരണമല്ലേ ഇത്! ആ അമ്മയുടെ മനോഗതം ചുരുക്കം വാക്കുകളിൽ നന്നായി ചിത്രീകരിച്ചിട്ടുണ്ട് ബിംബപ്രതീകങ്ങളിലൂടെ.

ഈ കഥാ സമാഹാരത്തിലെ ആദ്യകഥയായ "കാത്തിരുപ്പ്" ശീർഷകം സൂചിപ്പിക്കുന്നതുപോലെ, സമപ്രായക്കാരുടെ സമ്മർദ്ദത്തിന് വഴങ്ങി മയക്കുമരുന്നിനും ബലാത്സംഗത്തിനും ഇരയായി അകാലമൃത്യു വരിച്ച 17 കാരി കാതറിന്റെ വരവു പ്രതീക്ഷിച്ച് നിമിഷങ്ങളെണ്ണിയെണ്ണിയുള്ള പിതാവ് റിച്ചേർഡിന്റെ ദീർഘമായ കാത്തിരുപ്പു തന്നെയാണ്. തന്റെ അരുമ മകളുടെ ദേഹവിയോഗത്തിൽ വിഭ്രാന്തിയിലെത്തിയ റിച്ചേർഡിന് യാഥാർത്ഥ്യവുമായി പൊരുത്തപ്പെടാൻ പറ്റുന്നില്ല. അയാളുടെ ജീവിതസ്വപ്നങ്ങൾ ഒരുനിമിഷംകൊണ്ട് പൊട്ടിത്തകർന്നു. 18 വർഷങ്ങൾ പിന്നിട്ടിട്ടും അവൾ ഒരു ദിവസം മടങ്ങിവരും എന്ന ധാരണയിലാണയാൾ. 'ഒരു ദിവസം എന്റെ മകൾ വരും. എന്റെ കൂടെ ക്രിസ്തുമസ്സ് ആഘോഷിക്കാൻ അവൾ വരാതിരിക്കില്ല. അന്ന് ഈ പത്രങ്ങൾ എനിക്കവളെ കാണിക്കണം. ഈ വാർത്തയൊക്കെ നുണയായിരുന്നുവെന്നു ലോകം അറിയണം. എന്റെ കാത്തി വരും'. അതുകൊണ്ടാണല്ലോ അയാൾ ദിനംപ്രതി പഴകി ജീർണ്ണിച്ച പത്രക്കെട്ടുകളുള്ള ഭാണ്ഡങ്ങളും പേറി സബ്‌വേയിൽ സഞ്ചരിച്ചിരുന്നത്. സമനില തെറ്റിയ നിഗൂഢ മനസ്സിന്റെ വൈരുദ്ധ്യാവസ്ഥ പ്രകടമാക്കുന്ന ആവിഷ്ക്കാരഭംഗി പ്രശംസനീയംതന്നെ സാധാരണക്കാർ അവഗണിച്ചേക്കാവുന്ന ഒരു സംഭവം ഒരു ചെറുകഥയ്ക്കുള്ള ഇതിവൃത്തമാക്കാൻ ഒരു ഭാവനാസമ്പന്നനേ പറ്റൂ. അങ്ങനെ തന്റെ ഔദ്യോഗിക ജീവിതത്തിനിടയിൽ കണ്ടുമുട്ടിയ ഒരു വ്യക്തിയും സംഭവവും ഒരു നല്ല കഥയാക്കി മാറ്റുവാൻ

ബാബുവിന് കഴിഞ്ഞിട്ടുണ്ട്. 18 വർഷങ്ങൾക്കുശേഷം മകൾ തന്റെകൂടെ ക്രിസ്തുമസ്സ് ആഘോഷിക്കാൻ വരും എന്ന ധാരണയിൽ പേറിനടക്കുന്ന ഭാണ്ഡങ്ങൾ, 'അകാലത്തിൽ ചവുട്ടി അരക്കപ്പെട്ട ഒരു പനിനീർപുഷ്പത്തിന്റെ മരിക്കാത്ത ഓർമ്മകളുടെ ഊർജ്ജസ്രോതസ്സായിരുന്നു'. മരിക്കുമോ ഓർമ്മകൾ അല്ലേ?

സ്വാർത്ഥത മുറ്റി നിസ്സഹായാവസ്ഥ നടിക്കുന്ന പുത്തൻ തലമുറയുടെ മുഖംമൂടി അനാവരണം ചെയ്യുന്നു, "വഴിയമ്പലം" എന്ന കഥ. അവറാച്ചൻ ഏറെ ക്ലേശിച്ചാണ് തന്റെ ഏക മകനെ വളർത്തിയത്. പറമ്പിലുള്ള പ്ലാവും ആഞ്ഞിലിയുമൊക്കെ വെട്ടി വിറ്റിട്ടാണ് മകനു കോളേജിൽ ഫീസ് കൊടുത്തിരുന്നത്. പഠിക്കാൻ മിടുക്കനായിരുന്നതിനാൽ ഫസ്റ്റ്ക്ലാസ്സിൽ പാസ്സായി. പാരലൽ കോളേജിൽ പഠിപ്പിച്ചുകൊണ്ടിരിക്കവേ നല്ലൊരു കമ്പനിയിൽ ജോലി കിട്ടി. അങ്ങനെയിരിക്കേ ഒരു കൂട്ടുകാരന്റെ ബന്ധത്തിലുള്ള അമേരിക്കയിൽ നിന്നും വന്ന ഒരു പെൺകുട്ടിയെ വിവാഹംചെയ്ത് അമേരിക്കയിലെത്തി. സാമ്പത്തികമായി മുട്ടു വന്നപ്പോൾ അവറാച്ചൻ ഒരെഴുത്തയച്ചു. അതിന് മറുപടിയെന്നോണം വീടിന്റെ മുൻഭാഗത്തെ ഫോട്ടോ സഹിതം മരുമകൾ എഴുതി; 'ഞങ്ങൾ ബുദ്ധിമുട്ടിലാണ്. ഈ ഫോട്ടോയിൽ കാണുന്നപോലെ പുരയുടെ മുൻഭാഗത്ത് ഇഷ്ടിക വച്ചിട്ട് അതൊന്ന് തേക്കാനുള്ള പണം പോലുമില്ല. അതുകൊണ്ട് തൽക്കാലം ഒന്നും അയക്കാൻ സാധിക്കില്ല.' രണ്ടു വർഷം കഴിഞ്ഞ് അവറാച്ചൻ ഒരാഴ്ച ആശുപത്രിയിൽ കിടക്കേണ്ടിവന്നു. ബില്ലെല്ലാംകൂടി നല്ല ഒരു തുകയായി. വീണ്ടും മകനോട് സഹായത്തിനായി കത്തെഴുതി.

മകനും മരുമകളും രണ്ടു കുട്ടികളും മുകളിൽ മൂടിയില്ലാത്ത ഒരു കാറിന്റെ മുൻപിൽ നിൽക്കുന്ന ഒരു ഫോട്ടോയുമായി മരുമകളെഴുതി, 'അപ്പച്ചാ, ഞങ്ങൾ കഷ്ടിച്ചാണു കഴിഞ്ഞുപോകുന്നത്. ഈ ഫോട്ടോയിൽ കാണുന്നതുപോലെ ഒരു BMW കാറു വാങ്ങിയിട്ട് അതിന്റെ മൂടി വാങ്ങാൻ ഇതുവരെ പറ്റിയില്ല. മഴ വന്നാൽ പടുതായിട്ട് മൂടിവയ്ക്കേണ്ട ഗതികേടാണ്. അപ്പന് പ്രയാസം തോന്നരുത്.' ഇഹലോകവാസം കഴിഞ്ഞ് മടങ്ങുമ്പോൾ ഒരുനോക്കുകൂടി മക്കൾക്കു കാണുവാൻ വേണ്ടി ഏതാനും ദിവസങ്ങൾ കൂടി താമസിക്കുന്ന മോർച്ചറി എന്ന വഴിയമ്പലത്തിലേക്കു കൊണ്ടുപോകാൻ രണ്ടു പേർ വന്ന് കിടക്കയിൽനിന്നും എടുത്ത് വണ്ടിയിൽ കിടത്തി. മകൻ അടുത്തുവന്ന് അവറാച്ചന്റെ നെറുകയിൽ ചുംബിച്ചു. എന്നിട്ട് കൈയിലിരുന്ന ഡ്രസ്സുള്ള ബാഗ് ആ വണ്ടി തള്ളിക്കൊണ്ടുവന്നവരെ ഏല്പിച്ചു. അവരോടു മകൻ പറഞ്ഞു, അപ്പന് പെട്ടിയിൽ കിടക്കാൻ പതിനായിരം രൂപ വിലയുള്ള ഓർക്കിഡ് പൂക്കളുടെ മെത്തയാണ് ഒരുക്കിയിരിക്കുന്നത്. അപ്പനെ യാത്രയാക്കുമ്പോൾ എല്ലാ ഭംഗിയായിരിക്കണമെന്ന് തനിക്ക് നിർബന്ധമുള്ളതായും അയാൾ വീമ്പിളക്കി. പക്ഷേ, ഒരുക്കിയ പൂമെത്തയാകട്ടെ അപ്പന് ഒരു ശരശയ്യയായാണ് തോന്നിയത്. ഘോഷയാത്രയുടെ മുമ്പിലുണ്ടായിരുന്ന ജീപ്പിൽനിന്നും ശോകസാന്ദ്രമായ ഭക്തിഗാനങ്ങൾ മൈക്കിൽകൂടി ഒഴുകിവന്നു. പുറകെ കറുത്ത കൊടികൾ കെട്ടിയ കുറേ വാഹനങ്ങൾ. ഏറ്റവും പിറകിലായി അവറാൻചേട്ടനെ വഹിച്ചുകൊണ്ടുള്ള വാഹനം ആശുപത്രി കവാടം കടക്കുമ്പോൾ അവറാൻചേട്ടൻ അസ്വസ്ഥനായി. ജീവിച്ചിരിക്കെ, സ്വന്തം അന്ത്യകൂദാശയിൽ പങ്കെടുക്കേണ്ടിവരുന്ന ഒരുവന്റെ മാനസികാവസ്ഥ ഊഹത്തിനതീതം തന്നെ. 'ഈശ്വരാ, ഈ പെട്ടിക്കെങ്കിലും അവൻ മൂടി വാങ്ങിക്കാണുമോ?' എന്ന് അവറാച്ചനെക്കൊണ്ട് പറയിപ്പിക്കുന്നിടത്തും തുടർന്നുള്ള അന്നമ്മച്ചേടത്തിയുടെ ആത്മഗതവും കഥാകൃത്തിന്റെ ആക്ഷേപഹാസ്യപാടവം വ്യക്തമാക്കുന്നുണ്ടല്ലോ.

ശിഥില കുടുംബാന്തരീക്ഷം, വളർന്നുവരുന്ന കുഞ്ഞുങ്ങളുടെ മാനസികവും ശാരീരികവുമായ വളർച്ചയെ ബാധിക്കുമെന്നും, സ്വയം മുറിവേല്പിച്ച് പ്രതികാരവാഞ്ചയിലൂടെ സായൂജ്യം നേടുന്ന മാനസിക വൈകല്യങ്ങൾക്കടിമയാകുന്നതും വിപത്തുകളുടെ മൂർദ്ധന്യദശയിൽ ഭിന്നിച്ചു വേർപെട്ടുപോയ മാതാപിതാക്കൾ ഒന്നിക്കാനുള്ള സാഹചര്യവും മനസ്ഥിതിയുമുണ്ടായേക്കാമെന്ന വസ്തുതകൾ, "മോചനത്തിന്റെ ബലിമൃഗങ്ങൾ" എന്ന കഥയിലൂടെ കാണിച്ചുതരുന്നു.

"വിലങ്ങുകൾ" എന്ന കഥ അവസാനിപ്പിച്ചിരിക്കുന്നത് നന്നായിട്ടുണ്ട് ശ്രദ്ധിക്കൂ: 'പൊട്ടിത്തകർന്ന സ്വപ്നസൗധത്തിന്റെ ചിതറിത്തെറിച്ച അവശിഷ്ടങ്ങൾ വാരിയെടുത്തുകൊണ്ടവൾ പടികൾ കയറി അവരെ അനുഗമിച്ചപ്പോൾ, ഒരുകാലത്ത് കാമുകനായും പിന്നീടു ഭർത്താവായും വികാരതരളിതമായി അവളെ തലോടിയ ആ കൈകളിൽ പോലീസ് വിലങ്ങണിയിച്ച് മറുവശത്തുകൂടി അയാളെ വെളിയിലേക്കു കൊണ്ടുപോയി. എല്ലാറ്റിനും മൂകസാക്ഷികളായി പ്ലാറ്റ്ഫോമിലെ തൂണുകൾ അവിടെത്തന്നെ നില്ക്കുന്നുണ്ടായിരുന്നു.'

"കുടിശ്ശിക"യിലെ നാട്ടുകാർ മന്ദബുദ്ധി എന്നു വിളിക്കുന്ന അന്ത്രപ്പാൻ ഒരു ദിവസം കുറ്റിക്കാട്ടീന്നു ചത്തു കിടന്നിരുന്ന ഒരു മുയലിനേയുംകൊണ്ട് വീട്ടിലെത്തി. അതുകൊണ്ട് കറിവച്ചു കൊടുക്കാൻ അമ്മയോടു പറയുന്നു. അത് തയ്യാറായപ്പോൾ, അപ്പൻ കഴിച്ചതിനുശേഷമേ മകൻ കഴിക്കുള്ളൂ എന്ന് ശാഠ്യം പിടിക്കുന്നു. വല്ല കുഴപ്പവും ഉണ്ടെങ്കിൽ അത് അപ്പനായിക്കോട്ടെ. അന്ത്രപ്പാന്റെ അതിജീവനത്തിനുള്ള വിരുത് കേമം തന്നെ. അഞ്ചു വർഷമായി എസ്തപ്പാനു പള്ളിക്കുള്ള വരിസംഖ്യ കൊടുക്കാൻപോലും കഴിഞ്ഞിട്ടില്ല. പള്ളിയിലെ അച്ചനാകട്ടെ പാവപ്പെട്ട അയാളിൽനിന്നും കുടിശ്ശിക ഈടാക്കാനുള്ള ബദ്ധ

പ്പാടിലും. ശ്വാസംമുട്ടലുകൊണ്ട് വലയുന്ന എസ്തപ്പാൻ ഒരു ദിവസം അയലത്തെ ചാക്കോച്ചന്റെ പറമ്പിൽ പണിയെടുത്തുകൊണ്ടിരിക്കേ തലകറങ്ങി കുഴഞ്ഞുവീണു മരിച്ചുപോയി. കുടിശ്ശിക തീർക്കാതെ പള്ളിയിൽ ശവമടക്കാൻ പറ്റില്ലെന്ന് അച്ചൻ. നാട്ടുകാരാരും തിരിഞ്ഞുനോക്കുന്നുപോലുമില്ല. ഒടുവിൽ അന്ത്രപ്പാൻ ശവപ്പെട്ടി തോളിലേറ്റി പള്ളിമേടയിലെത്തി. അച്ചന്റെ മുറിയുടെ വാതിൽക്കൽ ആ ശവപ്പെട്ടി ഇറക്കിവച്ചു. എന്നിട്ട് അച്ചനോടായി പറഞ്ഞു: 'എന്റപ്പനല്ലേ കുടിശ്ശിക തരാനുള്ളത്. ദേ, അപ്പനെ ഞാൻ ഇവിടെ കൊണ്ടു വച്ചിട്ടുണ്ട് എന്താണെന്നുവച്ചാ അച്ചൻ ചെയ്തോ'. അങ്ങനെ മന്ദബുദ്ധി എന്നു വിളിക്കപ്പെട്ടിരുന്ന അന്ത്ര പ്പാന്റെ സാമർത്ഥ്യം നർമ്മബോധത്തോടെ കഥാകൃത്ത് വെളിവാക്കുന്നുണ്ട്.

"ലോകത്തിന്റെ ജാലകങ്ങൾ" വായിക്കുന്നവർക്ക് പ്രത്യേകിച്ചും അമേരിക്കക്കാർക്ക് വായനാരംഭത്തിൽ തന്നെ മനസ്സിലാകും ഈ കഥ ലോകത്തെ നടുക്കിയ ദാരുണമായ വേൾഡ് ട്രേഡ് സെന്ററിന്റെ കഥയാ ണെന്ന്. ട്വിൻ ടവറിനും അമേരിക്കക്കും കഥാകൃത്ത് ഇരട്ടക്കുട്ടികൾ, കിഴക്കുള്ളവർ, പടിഞ്ഞാറുള്ളവർ എന്നീ പ്രതീകാത്മക പദപ്രയോഗങ്ങളിലൂടെ സൂചന നല്കുന്നുണ്ട്.

"നോക്കുകൂലി" എന്ന കഥയിലൂടെ ബാബു നാട്ടിൽ നടമാടുന്ന ഒരു അനീതിയുടെ നേർക്ക് അനുവാച കരെ ബോധവല്ക്കരിക്കുന്നുണ്ട്.

"ഇന്റർവ്യൂ", "മാലാപറമ്പിലെ കണ്ണാന്തളിപ്പൂക്കൾ", "വികലാംഗനായ ഗുരു", "പത്രത്തിൽ ഒരു ഫോട്ടോ", "ഓപ്പറേഷൻ ബ്ലാക്ക് ഗ്രാസ്" എന്നീ കഥകൾ വെറും ഇടത്തരമാണെന്നേ പറയാനാവൂ. ഹൃദയത്തിൽ തട്ടാത്ത കഥകളായിപ്പോയി എന്നാണ് എന്റെ എളിയ അഭിപ്രായം. നമ്മുടെ കൈയിലെ അഞ്ചു വിരലുകളെല്ലാം ഒരു പോലെയല്ലല്ലോ. ഈ ന്യായേന ഒരാളുടെ എല്ലാ രചനകളും ഒരുപോലെ മേന്മയേറിയതായിക്കൊള്ളണ മെന്നില്ലല്ലോ. മനുഷ്യജീവിതം തന്നെ ഗുണദോഷസമ്മിശ്രമാണല്ലോ.

കഥകൾക്കു ഇഷ്ടമുള്ള ശീർഷകം കൊടുക്കാനുള്ള മൗലികമായ പരിപൂർണ്ണ സ്വാതന്ത്ര്യം കഥാകൃത്തി നുണ്ട്. ചോദ്യംചെയ്യാൻ അവകാശമില്ലെന്ന് അറിയാം. എങ്കിലും രണ്ടെണ്ണത്തിന്റെ കാര്യത്തിലുള്ള ന്യായീ കരണം അറിയാനുള്ള ഔത്സുക്യമുണ്ട്. മകളുടെ ഒമ്പതാമത്തെ ജന്മദിനം കഴിഞ്ഞതോടെ സുദൃഢമായിരുന്ന ദാമ്പത്യത്തിന്റെ കോട്ടയിൽ വിള്ളൽ വീണു. അതു സ്വാഭാവികമായും മകളുടെ മാനസികാവസ്ഥയേയും പഠിപ്പിനേയും ബാധിച്ചു എന്നത് ശരിതന്നെ. എന്നാൽ തക്കസമയത്തുള്ള കൗൺസിലിങ്ങിന്റെ ഫലമായി അവൾ അമ്മയോടു തന്റെ തെറ്റു സമ്മതിച്ചു മാപ്പു പറയുന്നു. കുറേക്കാലമായി ഭാര്യയെയോ മക്കളെയോ തിരിഞ്ഞുനോക്കാത്ത രാജൻ വീടിന്റെ മുമ്പിൽ പ്രത്യക്ഷപ്പെടുന്നു. സാഹചര്യങ്ങളുടെ സമ്മർദ്ദത്താൽ ആ കുടുംബത്തിലെ ഓരോരുത്തരും ബലിമൃഗങ്ങളായിപ്പോയെങ്കിലും മോചനത്തിന്റെ ബലിമൃഗങ്ങളായത് എങ്ങനെ? ബലിയർപ്പിക്കപ്പെടാതെ രക്ഷപ്പെട്ടതുകൊണ്ടാണോ?

ഇനി സന്മനസ്സുള്ളവർക്കു സമാധാനത്തിലെ അന്നക്കുട്ടിയുടെ 30 വർഷത്തെ ദാമ്പത്യജീവിതത്തിലെ സിംഹഭാഗവും ഭർത്താവിന്റെ മദ്യപാനത്തിനും തുടർന്നുള്ള ദേഹോപദ്രവത്തിനും ഇരയായിരുന്നു. ദേവാ ലയത്തിലേക്കു പ്രാർത്ഥനക്കായി പോയ അന്നക്കുട്ടിക്ക് പള്ളിമുറ്റത്തെ പ്രക്ഷോഭകാരികളിലൊരാൾ പോലീസിനെ ലക്ഷ്യമാക്കിയെറിഞ്ഞ കല്ല് തലയിൽ കൊള്ളുകയാൽ ചോര വാർന്നൊഴുകാൻ തുടങ്ങി. പിന്നീട് ശസ്ത്രക്രിയയൊക്കെ വേണ്ടിവന്നു. സന്മനസ്സുള്ള അന്നക്കുട്ടിക്ക് സമാധാനം കുറവായിരുന്നു എന്ന താണ് യാഥാർത്ഥ്യം. വിപത്തുസമയത്ത് അകന്നുനിന്നിരുന്ന ഭർത്താവിന്റെ സമാഗമം ഉണ്ടായെന്നതു നല്ലതു തന്നെ.

തിരക്കുപിടിച്ച ഔദ്യോഗിക ജീവിതം, കുടുംബഭരണം, ദേവാലയത്തിലെ സന്നദ്ധസേവനം, എന്നീ ബദ്ധപ്പാടുകൾക്കിടയിലും സാഹിതീസേവനത്തിനു സമയം കണ്ടെത്തുന്ന ശ്രീ. ബാബു പാറയ്ക്കൽ പ്രശംസാർഹനാണ്. ഒരു നോവലും ഒരു ചെറുകഥാസമാഹാരവും കൂടാതെ ആനുകാലിക പ്രസിദ്ധീകരണ ങ്ങളിൽ കവിതകളും ലേഖനങ്ങളും എഴുതാറുണ്ട്. ഇദ്ദേഹത്തിന് ആയുരാരോഗ്യ സൗഖ്യം നേരുന്നതോ ടൊപ്പംതന്നെ നല്ല നല്ല കൃതികൾ രചിക്കാനുള്ള സുകൃതവും തന്ന് ജഗദീശ്വരൻ അനുഗ്രഹിക്കട്ടെ എന്ന് ആശംസിക്കുന്നു.